"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

ക്ഷീരവികസന വകുപ്പ്

നമ്പർ. ഡി1/254/2023-ഡിഡി തിരുവനന്തപുരം,14-05-2026

## കാരണം കാണിക്കൽ നോട്ടീസ്

ക്ഷീരവികസന വകുപ്പിലെ കുന്ദമംഗലം ക്ഷീരവികസന യൂണിറ്റിലെ ക്ഷീരവികസന ഓഫീസറായിരുന്ന ശ്രീ. പ്രീതിരാജ് കടവത്ത് എന്ന താങ്കളെ അറിയിക്കുന്നതെന്തെന്നാൽ,

KSR PART I Appendix XII A പ്രകാരം 07.10.2014 മുതൽ 5 വർഷത്തെ ശൂന്യവേതനാവധിയിൽ പ്രവേശിച്ചിരുന്ന താങ്കൾ അവധി കാലാവധി കഴിഞ്ഞും സർവ്വീസിൽ തിരികെ പ്രവേശിക്കാതെ അനധികൃതമായി അവധിയിൽ തുടരുന്നതിലും, കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2013-14 വർഷത്തെ പദ്ധതി നടത്തിപ്പിൽ വീഴ്ച വരുത്തിയതിലും താങ്കൾക്കെതിരെ സർക്കാർ തലത്തിൽ ആരംഭിച്ച അച്ചടക്ക നടപടികളുടെ ഭാഗമായി താങ്കൾക്ക് കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും നൽകിയിരുന്നു.

കുറ്റാരോപണ മെമ്മോ, പത്രിക എന്നിവ താങ്കളുടെ വിലാസത്തിൽ registered ആയി അയച്ച് നൽകിയത് 20.01.2025 തീയതിയിൽ കൈപ്പറ്റിയതായി Acknowledgement ലഭിച്ചിരുന്നു. ആയതിന് പ്രതിവാദപത്രിക സമർപ്പിക്കാത്ത സാഹചര്യത്തിൽ താങ്കൾക്ക് ഈ വിഷയത്തിൽ ഒന്നും ബോധിപ്പിക്കുവാനില്ല എന്ന അനുമാനത്തിൽ താങ്കൾക്കെതിരെ ex-parte ആയി KCS(CC&A) Act 1960, Rule 15 പ്രകാരം കഠിന ശിക്ഷയുള്ള അച്ചടക്ക നടപടി തുടരുവാൻ തീരുമാനിച്ചിരുന്നു. താങ്കൾക്കെതിരെ ആരോപിക്കപ്പെട്ടിട്ടുള്ള കുറ്റങ്ങളിൽ ഔപചാരിക അന്വേഷണം 3 മാസത്തിനുള്ളിൽ പൂർത്തിയാക്കി സമർപ്പിക്കണമെന്ന നിർദ്ദേശത്തോടെ, 13.05.2025-ലെ സ.ഉ(സാധാ) നം. 79/2025/ഡിഡി ഉത്തരവ് പ്രകാരം അന്വേഷണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിരുന്നു.

ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ട് പ്രകാരം ലഭ്യമായ സാക്ഷിമൊഴികൾ, രേഖാമൂലമുള്ള തെളിവുകൾ, ഓറൽ എൻക്വയറിയിൽ ശേഖരിച്ച വിസ്താരങ്ങൾ എന്നിവ സംയുക്തമായി വിലയിരുത്തിയപ്പോൾ, കുറ്റാരോപിതനായ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്ന് പദ്ധതി നിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ച ഉണ്ടായതും, സർക്കാർ ധനകാര്യ ചട്ടങ്ങൾ ലംഘിച്ച് ബാങ്കേഴ്സ് ചെക്കുകൾ ദീർഘകാലം കൈവശം സൂക്ഷിച്ചതും വ്യക്തമായി തെളിഞ്ഞിട്ടുണ്ട്. ഇപ്രകാരം ക്ഷീരവികസന ഓഫീസറുടെ ഉത്തരവാദിത്തം നിർവ്വഹിക്കുന്നതിൽ താങ്കളുടെ ഭാഗത്ത് നിന്നും കൃത്യവിലോപം ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ട്. അതോടൊപ്പം കെ.എസ്.ആർ. പ്രകാരമുള്ള ലീവ് ചട്ടങ്ങൾക്ക് വിരുദ്ധമായി, ശൂന്യവേതനാവധി കാലാവധി കഴിഞ്ഞിട്ടും സർവ്വീസിൽ തിരികെ പ്രവേശിക്കാതെ അനധികൃതമായി വിട്ടുനിൽക്കുന്നതും ഗുരുതരമായ സർവീസ് ചട്ടലംഘനമായി കണ്ടെത്തിയിട്ടുണ്ട്. ഇപ്രകാരം 06.12.2024-ലെ കുറ്റാരോപണ മെമ്മോ പ്രകാരമുള്ള കുറ്റങ്ങൾ തെളിഞ്ഞതായി കണ്ടെത്തിയിട്ടുണ്ട്. (അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം

ഉള്ളടക്കം ചെയ്യുന്നു)

ആയതിനാൽ താങ്കൾക്കെതിരെ കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും പ്രകാരം ആരംഭിച്ചിരുന്ന അച്ചടക്ക നടപടികൾ തുടർന്നിട്ടുള്ളതും ആയതിൽ KCS(CC &A) ചട്ടങ്ങളിലെ Part III 5 (viii) പ്രകാരം സർവ്വീസിൽ നിന്നും പിരിച്ചുവിടുക എന്ന ശിക്ഷ നടപ്പിലാക്കാൻ സർക്കാർ താൽക്കാലികമായി തീരുമാനിച്ചിട്ടുണ്ട്.

മേൽ താൽ ക്കാലിക തീരുമാനം സ്ഥിരപ്പെടുത്താതിരിക്കാൻ താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ഈ നോട്ടീസ് കൈപ്പറ്റി 1 5 ദിവസത്തിനുള്ളിൽ ക്ഷീരവികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്ക് രേഖാമൂലം സമർപ്പിക്കേണ്ടതാണ്. അല്ലാത്ത പക്ഷം താങ്കൾക്ക് ഒന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ മറ്റൊരറിയിപ്പ് നൽകാതെ മേൽ തീരുമാനത്തെ സ്ഥിരപ്പെടുത്തി ഉത്തരവാകുന്നതായിരിക്കും.

മിൻഹാജ് അലം ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്:-ശ്രീ. പ്രീതിരാജ് കടവത്ത് (ക്ഷീരവികസന വകുപ്പ് ഡയറക്ടർ മുഖേന)

# ഔപചാരിക അന്വേഷണ റിപ്പോർട്ട്

വിഷയം :- ക്ഷീരവികസന വകുപ്പ് - കോഴിക്കോട് - ശൂന്യവേതാനാവധിയിൽ പ്രവേശിച്ച കുന്ദമംഗലം ബ്ലോക്ക് ക്ഷീരവികസന ഓഫീസർ ശ്രീ. പ്രീതി രാജ് , കടവത്ത് , 2013-14 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് പദ്ധതി നടപ്പിലാക്കിയതിലെ വീഴ്ചയും അവധി കാലാവധി കഴിഞ്ഞിട്ടും ജോലിയിൽ പ്രവേശിക്കാത്തത് - ഔപചാരിക അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന :- സ.ഉ(സാധാ)നം.79/2025/DD തീയതി, തിരുവനന്തപുരം - 13/05/2025.

1. **ആമുഖം**

കുന്ദമംഗലം ക്ഷീരവികസന യൂണിറ്റിന്റെ പരിധിയിൽ വരുന്ന കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2013-14 സാമ്പത്തിക വർഷത്തെ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ക്ഷീരവികസന ഓഫീസറായിരുന്ന ശ്രീ. പ്രീതിരാജ്, കടവത്ത് നടത്തിയ പ്രവർത്തനങ്ങളിൽ ഗുരുതരമായ ക്രമക്കേടുകൾ ഉണ്ടായതായി ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

**SHG മിനി ഡയറി യൂണിറ്റ് വനിത** എന്ന പ്രോജക്ടിന്റെ ഭാഗമായി വികസന ഫണ്ടിൽ നിന്ന് ₹18,90,000/- രൂപ പിൻവലിച്ചിട്ടുണ്ടെങ്കിലും, അതിൽ ₹5,25,000/- രൂപ മാത്രമാണ് 2013-14 സാമ്പത്തിക വർഷത്തിൽ വിനിയോഗിച്ചിട്ടുള്ളത്. ശേഷിക്കുന്ന ₹13,65,000/- രൂപയുടെ ബാങ്കേഴ്സ് ചെക്ക് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാതെ ഫയലിൽ സൂക്ഷിച്ചിരിക്കുകയാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

12/04/2006 ലെ സ.ഉ. നമ്പർ 177/2016/Fin ഉത്തരവിലെ ഖണ്ഡിക 8.3 പ്രകാരം പിൻവലിച്ച തുക ഒരു മാസത്തിനകം വിനിയോഗിക്കാത്ത പക്ഷം അത് ട്രഷറിയിലേക്ക് തിരിച്ചടവാക്കേണ്ടതാണ്. കൂടാതെ, ഖണ്ഡിക 10.3 പ്രകാരം സാമ്പത്തിക വർഷാവസാനത്തോടെ വിനിയോഗിക്കാത്ത തുക വികസന ഫണ്ട് സഞ്ചിത നിധിയിലേക്ക് തിരിച്ചടവാക്കേണ്ടതുമാണ്. എന്നാൽ പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കാതെയാണ് ബാങ്കേഴ്സ് ചെക്ക് ഏകദേശം 9 മാസത്തോളം വിതരണം ചെയ്യാതെ നിർവഹണ ഉദ്യോഗസ്ഥൻ കൈവശം വച്ചിരുന്നതായി കണ്ടെത്തിയിട്ടുണ്ട്.

കെ.എസ്.ആർ. ഭാഗം I അനുബന്ധം XII A പ്രകാരം സർവീസിൽ അനുവദിക്കാവുന്ന ശൂന്യവേതനാവധിയുടെ പരമാവധി കാലയളവ് 5 വർഷമായി നിജപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് ശ്രീ. പ്രീതിരാജിന് അനുവദിച്ചിരുന്ന ശൂന്യവേതനാവധി 06/10/2019 ന് അവസാനിച്ചിട്ടും, അവധി കാലാവധി കഴിഞ്ഞിട്ടും സർവീസിൽ തിരിച്ചുചേരാതെ അനധികൃതമായി ഓഫീസിൽ നിന്ന് വിട്ടുനിൽക്കുന്നുവെന്നും കണ്ടെത്തിയിട്ടുണ്ട്.

മുകളിൽ പറഞ്ഞ ആരോപണങ്ങളെ അടിസ്ഥാനമാക്കി, 1960 ലെ കേരള സിവിൽ സർവീസസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ & അപ്പീൽ) ചട്ടം 15 പ്രകാരവും) 30/12/2020 ലെ സർക്കുലർ നമ്പർ 83/2020/ധന. പ്രകാരവും ശിക്ഷാ നടപടികൾ

സ്വീകരിക്കാതിരിക്കാനുള്ള കാരണം വിശദീകരിക്കാൻ കുറ്റാരോപിതനായ ഉദ്യോഗസ്ഥന് (Delinquent) അവസരം നൽകിയിരുന്നുവെങ്കിലും, ഇതുവരെ രേഖാമൂലമോ നേരിട്ടോ ഹാജരായി യാതൊരു വിശദീകരണവും സമർപ്പിച്ചിട്ടില്ല.

അതിനാൽ, പ്രസ്തുത കുറ്റാരോപണങ്ങളുമായി ബന്ധപ്പെട്ട ഔപചാരിക അന്വേഷണം ( Formal enquiry) നടത്തുന്നതിനായി, കോഴിക്കോട് ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി സുരേഖ നായർ (PEN: 612042)യെ, അഡീഷണൽ സെക്രട്ടറിയുടെ സ.ഉ(സാധാ)നം.79/2025/DD തീയതി തിരുവനന്തപുരം ഉത്തരവ് പ്രകാരം അന്വേഷണ ഓഫീസറായി നിയമിച്ചിരിക്കുന്നു.

## 2. <u>കുറ്റപത്രവും അതിന് നൽകിയ വിശദീകരണവും ഫോർമൽ എൻക്വയറി നടപടികളും</u>

06/12/2024 ലെ ക്ഷീരവികസന വകുപ്പ് ഡി1/254/2023-ഡി.ഡി. നമ്പർ ഉത്തരവ് പ്രകാരം, കുന്ദമംഗലം ക്ഷീരവികസന ഓഫീസറായിരുന്ന ശ്രീ. പ്രീതിരാജ്, കടവത്ത് എന്ന ഉദ്യോഗസ്ഥനെതിരെ താഴെപ്പറയുന്ന കുറ്റങ്ങൾ ചുമത്തപ്പെട്ടിരിക്കുന്നു:

1. 2013-14 സാമ്പത്തിക വർഷത്തിൽ, SHG മിനി ഡയറി യൂണിറ്റ് വനിത പദ്ധതിയുടെ ഭാഗമായി പിൻവലിച്ച വികസന ഫണ്ടിൽ നിന്ന് ₹18,90,000/- രൂപയിൽ ₹5,25,000/- രൂപ മാത്രമാണ് ചെലവഴിച്ചിരുന്നത്. ശേഷിക്കുന്ന ₹13,65,000/- രൂപയുടെ ബാങ്കേഴ്സ് ചെക്ക് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാതെ ഫയലിൽ സൂക്ഷിച്ചിരുന്നതിലൂടെ, ഉദ്യോഗസ്ഥന്റെ ഭാഗത്ത് ഗുരുതരമായ അനാസ്ഥയും ക്രമക്കേടും ഉണ്ടായതായി കണ്ടെത്തിയിരിക്കുന്നു.
2. ശൂന്യവേതാനാവധി 06/10/2019 ന് അവസാനിച്ചിട്ടും, പ്രസ്തുത ഉദ്യോഗസ്ഥൻ നിയമാനുസൃതമായി സർവീസിൽ പ്രവേശിക്കാതെ ഓഫീസിൽ നിന്നും വിട്ടുനിന്നത്, നിലവിലുള്ള സർവീസ് ചട്ടങ്ങളുടെ ലംഘനമായി കണ്ടെത്തിയിരിക്കുന്നു.

## 3. <u>കുറ്റപത്രത്തിലെ ചാർജ്ജുകളിന്മേലുള്ള കണ്ടെത്തലുകളും അതിന്റെ കാരണങ്ങളും</u>

2013-14 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ SHG/JLG മിനി ഡയറി വനിത പ്രോജക്ട്, ക്ഷീരവികസന ഓഫീസറായിരുന്ന ശ്രീ. പ്രീതിരാജ്, കടവത്ത് നിർവഹണ ഉദ്യോഗസ്ഥനായി പ്രവർത്തിച്ച് 13 JLG ഗ്രൂപ്പുകളിലായി നടപ്പിലാക്കിയതാണ്. പ്രസ്തുത ഗ്രൂപ്പുകൾ: (1) നീലേശ്വരം വനിതാ ഡയറി (2) കാരശ്ശേരി വനിതാ ഡയറി (3) കുമാരനല്ലൂർ വനിതാ ഡയറി (4) മുക്കം വനിതാ ഡയറി (5) കല്ലുരുട്ടി വനിതാ ഡയറി (6) കുരുവട്ടൂർ വനിതാ ഡയറി (7) പോലൂർ വനിതാ ഡയറി (8) ചൂലൂർ വനിതാ ഡയറി (9) ചാത്തമംഗലം വനിതാ ഡയറി (10) കാരന്തൂർ വനിതാ ഡയറി (11) പൈങ്ങോട്ടുപുറം വനിതാ ഡയറി (12) കുന്ദമംഗലം വനിതാ ഡയറി (13) ചെത്തുകടവ് വനിതാ ഡയറി എന്നിങ്ങനെയാണ്.

അന്വേഷണത്തിൽ, പ്രസ്തുത പദ്ധതിക്കായി അനുവദിച്ച വികസന ഫണ്ടിൽ നിന്നുള്ള ₹13,65,000/- രൂപ വിനിയോഗിക്കാതെ, അതിന്റെ ബാങ്കേഴ്സ്

ചെക്കുകൾ ഏകദേശം 9 മാസത്തോളം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാതെ നിർവഹണ ഉദ്യോഗസ്ഥൻ കൈവശം വച്ചിരുന്നതായി വ്യക്തമായി തെളിഞ്ഞിരിക്കുന്നു. ഇത് ധനകാര്യ ചട്ടങ്ങൾക്കും സർക്കാർ നിർദ്ദേശങ്ങൾക്കും വിരുദ്ധമായ ഗുരുതരമായ വീഴ്ചയാണെന്ന് കണ്ടെത്തുന്നു.

എന്നാൽ, പിന്നീട് ചുമതലയേറ്റ ക്ഷീരവികസന ഓഫീസറായ ശ്രീമതി സ്മിത എം.കെ നടത്തിയ പരിശോധനയിൽ, ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ വീടുകൾ സന്ദർശിച്ച് പദ്ധതി നിർദ്ദേശങ്ങൾ അനുസരിച്ച് കറവപ്പശുക്കൾ വാങ്ങിയിട്ടുണ്ടെന്നും പദ്ധതി യഥാവിധി പൂർത്തീകരിച്ചിട്ടുണ്ടെന്നും ഉറപ്പു വരുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ, നിലനിന്നിരുന്ന ബാങ്കേഴ്സ് ചെക്കുകൾ പിന്നീട് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത് ധനസഹായം ലഭ്യമാക്കിയിട്ടുണ്ടെന്നും കണ്ടെത്തിയിരിക്കുന്നു.

അതിനാൽ, പദ്ധതിയുടെ അന്തിമ ലക്ഷ്യം പിന്നീട് കൈവരിച്ചിട്ടുണ്ടെങ്കിലും, നിശ്ചിത കാലയളവിനുള്ളിൽ ധനസഹായം വിതരണം ചെയ്യാതിരിക്കുകയും, ബാങ്കേഴ്സ് ചെക്കുകൾ അനാവശ്യമായി നീണ്ടകാലം കൈവശം വച്ചിരിക്കുകയും ചെയ്തത് നിർവഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നുണ്ടായ ഗുരുതരമായ ഭരണപരമായ വീഴ്ചയാണെന്ന് വിലയിരുത്തുന്നു

എൻക്വയറിയിൽ ലഭ്യമായ സാക്ഷിമൊഴികൾ, രേഖാമൂലത്തിലുള്ള തെളിവുകൾ, ഓറൽ എൻക്വയറിയിൽ ശേഖരിച്ച വിസ്താരങ്ങൾ എന്നിവ സംയുക്തമായി വിലയിരുത്തി പരിശോധിക്കുമ്പോൾ, കുറ്റാരോപിതനായ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്ന് പദ്ധതി നിർവഹണത്തിൽ ഗുരുതരമായ വീഴ്ചയും സർവീസ് ചട്ടങ്ങളുടെ ലംഘനവും ഉണ്ടായതായി വ്യക്തമായി തെളിഞ്ഞിരിക്കുന്നു. അതിനാൽ, കുറ്റപത്രത്തിൽ ചുമത്തപ്പെട്ടിരുന്ന രണ്ട് ചാർജ്ജുകളും **തെളിഞ്ഞതായി (Proved)** കണ്ടെത്തുന്നു.

അതുകൊണ്ട്, കുറ്റപത്രത്തിലെ ചാർജ്ജുകൾ നിലനിൽക്കുന്നുവെന്ന് നിഗമനം ചെയ്യുന്നു

## 4. സംഗ്രഹം

എൻക്വയറിയിൽ ലഭ്യമായ സാക്ഷിമൊഴികൾ, രേഖാമൂലത്തിലുള്ള തെളിവുകൾ, ഓറൽ എൻക്വയറിയിൽ ശേഖരിച്ച വിസ്താരങ്ങൾ എന്നിവ സംയുക്തമായി വിലയിരുത്തിയപ്പോൾ, കുറ്റാരോപിതനായ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്ന് പദ്ധതി നിർവഹണത്തിൽ ഗുരുതരമായ വീഴ്ച ഉണ്ടായതും, സർക്കാർ ധനകാര്യ ചട്ടങ്ങൾ ലംഘിച്ച് ബാങ്കേഴ്സ് ചെക്കുകൾ ദീർഘകാലം കൈവശം സൂക്ഷിച്ചതും വ്യക്തമായി തെളിഞ്ഞിരിക്കുന്നു.

അതുപോലെ, കെ.എസ്.ആർ. പ്രകാരമുള്ള ലീവ് ചട്ടങ്ങൾക്ക് വിരുദ്ധമായി, ശൂന്യവേതനാവധി കാലാവധി കഴിഞ്ഞിട്ടും സർവീസിൽ തിരികെ പ്രവേശിക്കാതെ അനധികൃതമായി വിട്ടുനിന്നതും ഗുരുതരമായ സർവീസ് ചട്ടലംഘനമായി കണ്ടെത്തിയിട്ടുണ്ട്.

അതിനാൽ, 06/12/2024 ലെ കുറ്റപത്രത്തിൽ ചുമത്തപ്പെട്ടിരുന്ന എല്ലാ ചാർജ്ജുകളും **തെളിഞ്ഞതായി (Proved)** കണ്ടെത്തുന്നു.

കൂടാതെ, ബഹുമാന്യ സുപ്രീം കോടതിയുടെ വിധികളിൽ വ്യക്തമാക്കിയിരിക്കുന്നതുപോലെ, അന്വേഷണ അധികാരിക്ക് (Inquiring Authority) കുറ്റാരോപിതന് നൽകേണ്ട ശിക്ഷയെ കുറിച്ച് ശുപാർശ ചെയ്യേണ്ട ബാധ്യതയോ അധികാരമോ ഇല്ല. 1960 ലെ കേരള സിവിൽ സർവീസസ് (ക്ലാസിഫിക്കേഷൻ, നിയന്ത്രണം & അപ്പീൽ) ചട്ടങ്ങൾ പ്രകാരം കുറ്റാരോപിതന് എന്ത് ശിക്ഷ നൽകണം എന്ന് ശുപാർശ ചെയ്യുവാൻ അധികാരം നൽകിയിട്ടില്ല. അതുകൊണ്ട്, 06/12/2024-ലെ കുറ്റപത്രത്തിലെ എല്ലാ ചാർജ്ജുകളും തെളിഞ്ഞ സാഹചര്യത്തിൽ, കുറ്റാരോപിതന് എന്ത് ശിക്ഷ നൽകണമെന്നത് Disciplinary Authorityയായ ക്ഷീരവികസന വകുപ്പ് സെക്രട്ടറി തീരുമാനിച്ചാലും

വിശ്വസ്തതയോടെ,



സുരഖനായർ
എൻക്വയറി ഓഫീസർ